# പതിനാലാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.4770 14.11.2019 ൽ മറുപടിക്ക്**

## കടുക്കപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിലെ കെട്ടിട നിർമ്മാണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.ടി.എ.അഹമ്മദ് കബീർ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| (എ) മങ്കട നിയോജക മണ്ഡലത്തിൽ പുഴക്കാട്ടിരി ഗ്രാമ പഞ്ചായത്തിലെ കടുക്കപുരം ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂളിൽ എം.എൽ.എ. ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് നടത്തിയ കെട്ടിട നിർമ്മാണത്തിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ; | (എ) മങ്കട നിയോജക മണ്ഡലത്തിലെ കടുക്കപുരം ഗവ.ഹയർ സെക്കണ്ടറി സ്കൂളിൽ എം.എൽ.എ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് നിർമ്മാണ പ്രവൃത്തി നടത്തിയിട്ടില്ല. എന്നാൽ 2015-16 എം.എൽ.എ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒരു കോടി രൂപ കടുക്കപുരം ഗവ.ഹൈസ്കൂളിന് കെട്ടിട നിർമ്മാണത്തിനായി അനുവദിച്ചിരുന്നു. ഈ തുകയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. അനുവദിച്ച ഒരു കോടി രൂപയിൽ പൂർത്തീകരിക്കാൻ കഴിയാത്ത ചില ഫിനിഷിംഗ് പ്രവൃത്തികൾ ഇനിയും ചെയ്യാനുണ്ട്. |
| (ബി) എം.എൽ.എ. ആസ്തി വികസന ഫണ്ടിൽ നിന്നും അനുവദിച്ച മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ടോ; നിർമ്മാണം പൂർത്തിയാക്കുന്നതിന് അധിക തുക ആവശ്യമായി വന്നിട്ടുണ്ടോ; ഉണ്ടെങ്കിൽ അധിക തുക ചെലവഴിക്കേണ്ടി വന്നതിന്റെ സാഹചര്യം വ്യക്തമാക്കാമോ; | (ബി) മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. ബാക്കി ചെയ്യാനുള്ള ഫിനിഷിംഗ് പ്രവൃത്തികൾക്ക് പുതുതായി തുക കണ്ടെത്തേണ്ടതുണ്ട്. തുടക്കത്തിൽ അംഗീകരിച്ച 12 ക്ലാസ് റൂമുകളോടെ 2 നില (G+1) കെട്ടിടത്തിനാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നത്. പിന്നീട് സ്കൂൾ അധികാരികളുടെ നിർദ്ദേശത്താൽ 12 ക്ലാസ് റൂമുകൾ 3- നില (G+2) കെട്ടിടമായി മാറ്റം വരുത്താൻ നിർദ്ദേശിക്കുകയും സ്ട്രക്ച്ചറിൽ ഇതു കാരണം വ്യതിയാനം സംഭവിക്കുകയുമാണുണ്ടായത്. അതിനാലാണ് തുക തികയാത്ത സാഹചര്യം ഉണ്ടായത്. |

| | | | |
|---|---|---|---|
| (സി) | നിലവിൽ അധിക തുക അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ഫയൽ സർക്കാർ പരിഗണനയിലാണോ; ആണെങ്കിൽ ഫയൽ നമ്പർ അടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ? | (സി) | പ്രസ്തുത കെട്ടിടത്തിന്റെ ഫിനിഷിംഗ് പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിന് വേണ്ടി CE/BL/PL3/MLPM/350/19/BL തീയതി 12.06.2019 ആയി 22 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി DPI -ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ